(ഇ) കഴിഞ്ഞ ആറുമാസത്തിനുള്ളിൽ 135 പുരുഷന്മാർക്കും 3 സ്ത്രീകൾക്കും പരോൾ നൽകിയിട്ടുണ്ട്.

(എഫ്) കഴിഞ്ഞ ആറുമാസത്തിനുള്ളിൽ പരോൾ നൽകാത്തവർ 212 പുരുഷന്മാരും 5 സ്ത്രീകളുമാകുന്നു.

(ജി) ഇല്ല.

(എച്ച്) ഉദിക്കുന്നില്ല.

ശ്രീ. പി. ശ്രീധരന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് ധനസഹായം

90 (4525) ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സാ ധനസഹായത്തിനായി തറട്ടയിൽ പുത്തൻവീട് ചെഞ്ചേരി, നാലാഞ്ചിറ പി. ഒ.-യിൽ താമസിക്കുന്ന ശ്രീ. പി. ശ്രീധരൻ 7-3-2003-ൽ ഒരു അപേക്ഷ സമർപ്പിച്ചിരുന്നോ ;

(ബി) പ്രസ്തുത അപേക്ഷ 1843/സി.എം./2003/ഡി.ആർ.എഫ്. എന്ന നമ്പരിൽ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിക്ക് അയച്ചതായുള്ള അറിയിപ്പ് അപേക്ഷകന് കിട്ടിയിട്ടും നാളിതുവരെയും ധനസഹായം അപേക്ഷകന് ലഭിച്ചിട്ടില്ല എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത അപേക്ഷയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ;

(ഡി) അപേക്ഷകന് എത്രയും പെട്ടെന്ന് ചികിത്സാ സഹായം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സമർപ്പിക്കുന്നു.

(ബി) അപേക്ഷയിന്മേൽ കൈക്കൊണ്ട ഗവൺമെന്റ് തീരുമാനം 25-4-2003-ലെ 20031/ജെ 1/03/റവ. നമ്പർ സർക്കാർ കത്തുപ്രകാരം ഹർജിക്കാരനെ അറിയിച്ചിട്ടുണ്ട്.

(സി&ഡി) ചോദ്യം ഉദിക്കുന്നില്ല.

ഗുണഭോക്തൃവിഹിതം ഒഴിവാക്കുവാൻ നടപടി

91 (4526) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കുന്ന കാർഷിക മേഖലയിലെ ജലസേചന പദ്ധതികൾക്ക് 20 ശതമാനം ഗുണഭോക്തൃ വിഹിതം കർഷകരിൽനിന്നും ഈടാക്കി അടയ്ക്കണമെന്ന നിബന്ധനകാരണം ഈ മേഖലയിലെ പല പദ്ധതികളും നടപ്പിലാക്കാൻ സാധിക്കാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly